സ്വാമിശരണം

# തിരുവിതാംകൂർ ദേവസ്വം ബോർഡ്

നന്തൻകോട് കവടിയാർ. പി.ഒ തിരുവനന്തപുരം 695003

ഫോൺ. 0471 2314288 ഫാക്സ് 0471 2315156 ഇ മെയിൽ. dcotdb@gmail.com

ദേവസ്വം കമ്മീഷണർ ആഫീസ്

ആർ.ഒ.സി. 22109/18/ശബ തിരുവനന്തപുരം. 15.09.2018.

വിഷയം :- Temple Renovation Fund ഫണ്ട് സമാഹരിക്കുന്ന സംഗതി സംബന്ധിച്ച്.

## സർക്കുലർ

കേരള സംസ്ഥാനത്ത് അപ്രതീക്ഷിതമായി ഉണ്ടായ മഴയെ തുടർന്ന് ഉണ്ടായ പ്രളയക്കെടുതിയിൽ തിരുവിതാംകൂർ ദേവസ്വം ബോർഡിന്റെ അധികാര പരിധിയിൽപ്പെട്ട പമ്പയിലും പരിസര പ്രദേശങ്ങളിലും, വൻപിച്ച തോതിൽ നാശനഷ്ടങ്ങൾ ഉണ്ടായിട്ടുള്ളതാണ്. ഇതു മൂലം ചിങ്ങമാസ പൂജയ്ക്കും, ഓണത്തിനും ശബരിമലയിൽ ഭക്തർക്ക് ദർശനം പോലും അനുവദിക്കുവാൻ കഴിയാത്ത സാഹചര്യമുണ്ടായി. നിരവധി ക്ഷേത്രങ്ങൾക്കും നാശനഷ്ടങ്ങൾ സംഭവിച്ചിട്ടുള്ളതാണ്. ഭക്തജനങ്ങൾക്ക് ക്ഷേത്രത്തിൽ എത്താൻ കഴിയാത്ത സാഹചര്യത്തിൽ വലിയ വരുമാന നഷ്ടത്തിനും ഇടയായിട്ടുണ്ട്. ഇതിനെ തുടർന്ന് ക്ഷേത്രത്തിന്റെ പുനരുദ്ധാരണത്തിന് ആവശ്യമായ ഫണ്ട് സമാഹരിക്കുന്നതിലേയ്ക്കായി Temple Renovation Fund രൂപീകരിച്ച് 21-08-2018-ൽ ആർ.ഒ.സി. 430/15/എസ്റ്റാ-1 നമ്പർ പ്രകാരം ഉത്തരവായിരുന്നു. പ്രസ്തുത ഫണ്ടിലേയ്ക്കുള്ള ഭക്തജനങ്ങളുടെ പങ്കാളിത്തം ഉറപ്പ് വരുത്തുന്നതിലേയ്ക്കായും, പ്രസ്തുത ഫണ്ടിലേയ്ക്ക് കൂടുതൽ തുക സമാഹരിക്കുന്നതിലേയ്ക്കായി തിരുവിതാംകൂർ ദേവസ്വം ബോർഡിന്റെ അധികാരപരിധിയിൽപ്പെടുന്ന എല്ലാ ക്ഷേത്രങ്ങളിലേയും ഒര് കാണിക്ക വഞ്ചിയിൽ Temple Renovation Fund എന്ന് ആലേഖനം ചെയ്ത Name Board പതിപ്പിക്കുന്നതിനും, ആയത് ഭക്തജനങ്ങൾക്ക് കാണുന്ന തരത്തിൽ വെയ്ക്കുന്നതിനും, കൂടാതെ ടി കാണിക്ക വഞ്ചികളിൽ ലഭ്യമാകുന്ന തുക Temple Renovation Fund അക്കൗണ്ടിൽ (അക്കൗണ്ട് നമ്പർ 27500100061457) ഒടുക്ക് വരുത്തുന്നതിനും, ഉത്തരവാകുന്നു. മേൽ പ്രകാരം നടപടികൾ യഥാവിധി സ്വീകരിക്കുന്നുണ്ട് എന്ന് ഉറപ്പ് വരുത്തുന്നതിനും, ഇതിലേയ്ക്കാവശ്യമായ നിർദ്ദേശങ്ങൾ ബന്ധപ്പെട്ടവർക്ക് നൽകുന്നതിനും അതത് ഡെപ്യൂട്ടി ദേവസ്വം കമ്മീഷണർ / അസിസ്റ്റന്റ് ദേവസ്വം കമ്മീഷണർമാർ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

ദേവസ്വം കമ്മീഷണർ.

പകർപ്പ്-1.സെക്രട്ടറി, തിരുവിതാംകൂർ ദേവസ്വം ബോർഡ്. (ആമുഖ കത്ത് സഹിതം)

2. ഫൈനാൻസ് & അക്കൗണ്ട്സ് ആഫീസർ,

3.ദേവസ്വം അക്കൗണ്ട്സ് ആഫീസർ,

4.ഡെപ്യൂട്ടി ദേവസ്വം കമ്മീഷണർ ..................................

5.അസിസ്റ്റന്റ് ദേവസ്വം കമ്മീഷണർ ..................................

6.അസിസ്റ്റന്റ് ദേവസ്വം കമ്മീഷണർ, അക്കൗണ്ട്സ് (ദേവസ്വം കമ്മീഷണർ ആഫീസ്)

7.ഇ.ഡി.പി. സെക്ഷൻ